"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - പുനലൂർ സബ്ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള ബി.എസ്.എൻ.എൽ. കെട്ടിടം, ഓഫീസ് ആവശ്യത്തിനനുയോജ്യമായ വിധത്തിൽ ഫർണിഷിംഗ് ARTCO മുഖേന നടത്തുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.779/2025/TAXES തീയതി,തിരുവനന്തപുരം, 25-08-2025

---

പരാമർശം:- 1. 06/09/2024 ലെ ജി.ഒ.(ആർ.ടി.) നം.813/2024/ടാക്സസ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 19/04/2025, 28/04/2025 എന്നീ തീയതികളിലെ SLTY/6088/2023-MOD INFRA1 SL നമ്പർ കത്ത്

3. 18/07/2025 ലെ ജി.ഒ.(ആർ.ടി) നം.6037/2025/ഫിൻ

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ പുനലൂർ സബ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്ന് മാറ്റി സ്ഥാപിക്കുന്നതിനായി ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കിയിരുന്നു.

2. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടം ഓഫീസ് ആവശ്യത്തിന് ഉപയുക്തമാക്കുന്നതിനായി ഫർണിഷ് ചെയ്യാൻ അനുമതി തേടി പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. ഇതിനായി ARTCO, SIDCO, നിർമ്മിതി കേന്ദ്ര എന്നീ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ ഏറ്റവും കുറഞ്ഞ തുകയായ ₹19,69,000/- (പത്തൊൻപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരം രൂപ മാത്രം) ക്വാട്ട് ചെയ്ത ARTCO എന്ന സ്ഥാപനത്തിന് ടി കെട്ടിടത്തിന്റെ ഫർണിഷിംഗ് ജോലികൾ അനുവദിച്ച് നല്കുന്നതിനും ടി ഇനത്തിലുള്ള ചെലവ് 2075-00-103-94-17- objects എന്ന ശീർഷകത്തിൽ നിന്ന് വഹിയ്ക്കുന്നതിനും അനുമതി നല്കണമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള പുനലൂർ സബ് ഓഫീസ് ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനായി ടി കെട്ടിടത്തിൽ ഫർണിഷിംഗ് നടത്തുന്നതിന് ARTCO സമർപ്പിച്ചിട്ടുള്ള 19,69,000/-രൂപയുടെ (പത്തൊൻപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് ടി ജോലികൾ ARTCO മുഖേന നടത്തുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ടി ഇനത്തിൽ വേണ്ടിവരുന്ന ₹19,69,000/- (പത്തൊൻപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരം രൂപ മാത്രം) 2075-00-103-94-17- objects എന്ന ശീർഷകത്തിൽ അധിക

ധനാനുമതിയിലൂടെ പരാമർശം (3) പ്രകാരം അനുവദിച്ച തുകയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (2751802-EXP-B1/175/2024-FIN dated 23/07/2025 പ്രകാരം)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/87/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Kabeer. C. A
Date: 26-08-2025 14:39:15
സെക്ഷൻ ഓഫീസർ